# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: റ്റി.റ്റി.ആന്റണി. ഐ.എ.എസ്)

നമ്പർ.എ5/12163/10.

തൈക്കാട്, തിരുവനന്തപുരം-14,
തിയതി: 13.05.2010.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - വിവരാവകാശ നിയമം - അപ്പീൽ അധികാരിയുടെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും നിയമനം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 28.04.2007-ലെ എ6/18886/05-ാം നമ്പർ ഉത്തരവ്.

2. ട്രെയിനിംഗ് ഡയറക്ടറുടെ 22.11.2008 - ലെയും, 07.01.2010-ലെയും എ5/19486/08-ാം നമ്പർ ഉത്തരവുകൾ.

മേൽ സൂചന ഉത്തരവുകൾ പ്രകാരം, വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 70 കാര്യാലയങ്ങളിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയമിച്ചുത്തരവാകുകയും, വകുപ്പിന്റെ അപ്പീൽ അധികാരി ട്രെയിനിംഗ് ഡയറക്ടർ ആയിരിക്കും എന്നു് സൂചന (1) ഉത്തരവിൽ നിഷ്കർഷിക്കുകയും ചെയ്തിരുന്നു. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപ്പീൽ ഹർജ്ജികളുടെ വൈപുല്യം കണക്കിലെടുത്ത്, കാലതാമസം കൂടാതെ കാര്യക്ഷമമായി അപ്പീൽ ഹർജ്ജികൾ തീർപ്പാക്കുന്നതിന്, വകുപ്പിലെ അപ്പീൽ അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വകുപ്പിനെ '2' മേഖലകളായി തിരിച്ച്, സൂചന (1) ഉത്തരവ് ഭേദഗതി ചെയ്ത് താഴെ പറയുന്ന രീതിയിൽ 2 അപ്പീൽ അധികാരികളെ നിയമിച്ചുത്തരവാകുന്നു.

| ക്രമ നം. | അപ്പീൽ അധികാരി | അധികാര പരിധി |
|---|---|---|
| 1. | അഡീഷണൽ ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലുള്ള വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനങ്ങൾക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ ഹർജ്ജികൾ തീർപ്പാക്കുന്നതിന് |
| 2. | ജോയിന്റ് ഡയറക്ടർ, മേഖലാ കേന്ദ്രം, കണ്ണൂർ | തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലുള്ള വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനങ്ങൾക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ ഹർജ്ജികൾ തീർപ്പാക്കുന്നതിന് |

തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലുള്ള വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനങ്ങൾക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ ഹർജ്ജികൾ തീർപ്പാക്കുന്നതിനായി, കണ്ണൂർ മേഖലാ കേന്ദ്രം ജോയിന്റ് ഡയറക്ടറെ അപ്പീൽ അധികാരിയായി നിയമിച്ചുത്തരവായ സാഹചര്യത്തിൽ, മേഖലാകേന്ദ്രം. കണ്ണൂർ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും താഴെ പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചുത്തരവാകുന്നു.

| ക്രമ നം. | സ്ഥാപനം | സ്റ്റേറ്റ് പബ്ലിക് ഇൻഫർ മേഷൻ ഓഫീസർ | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർ മേഷൻ ഓഫീസർ |
|---|---|---|---|
| 1. | മേഖലാ കേന്ദ്രം, കണ്ണൂർ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | സീനിയർ സൂപ്രണ്ട് |

മേൽപ്പറഞ്ഞ ഭേദഗതികൾ ഒഴിച്ച് മേൽ സൂചന ഉത്തരവുകൾ മാറ്റം കൂടാതെ നിലനിൽക്കുന്നതാണ്.

വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരം (അപ്പീൽ അധികാരിയുടെ ഉൾപ്പെടെ) പൊതുജനങ്ങളുടെ അറിവിനായി എല്ലാവരും കാണുന്ന ഭാഗത്ത് അതാത് കാര്യാലയങ്ങളിൽ നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതും, ഉദ്യോഗസ്ഥർ മാറുന്നതനുസരിച്ച് കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതുമാണ്.

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ വിവരം നൽകുന്ന സമയത്ത്, അപ്പീൽ അധികാരിയുടെ പേരും, മേൽവിലാസവും, കൂടെ രേഖപ്പെടുത്തുവാൻ എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

<u>സ്വീകർത്താവ്:-</u>

നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക്.

<u>പകർപ്പ്:-</u>

1) സെക്രട്ടറി, ലേബർ (സി) (ആമുഖ കത്ത് സഹിതം)
2) ഡയറക്ടർ, പി&എ.ആർ.ഡി. (ആമുഖ കത്ത് സഹിതം).
3) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (ജെ. ഡി. റ്റി, ട്രെയിനിംഗ് ഡയറക്ടറേറ്റ്)
4) എല്ലാ സ്ഥാപന മേധാവികൾക്കും
5) ഡയറക്ടറുടെ സി.എ.
6) കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/14.05.